ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്കൂളുകൾ നിർത്തലാക്കിയ പ്രദേശങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും രണ്ട് കിലോമീറ്റർ പരിധിക്കുള്ളിൽത്തന്നെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ തുടർപഠന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്. ആയതിനാൽ പുതിയ സംവിധാനങ്ങൾ ആവശ്യമില്ല.

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ട് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകളുടെ കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഒരു സി.ബി.എസ്.സി. സ്കൂളും പ്രീ-മെട്രിക് ഹോസ്റ്റലുകളും പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും നടത്തിവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗങ്ങളെ വിദ്യാഭ്യാസത്തിന്റെ ഉന്നത ശ്രേണിയിലേക്ക് കൊണ്ടുവരുന്നതിന് സർക്കാർ കർമ്മനിരതമാണ്. കൂടാതെ മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുകൂടി ഈ വകുപ്പിൽനിന്നും ആനുകൂല്യം നൽകുന്നുണ്ട്.

ആദിവാസി കോളനികളിലെ തൊഴിലില്ലായ്മയും പട്ടിണി മരണങ്ങളും സംബന്ധിച്ച കണക്കുകൾ

50 [5426] ശ്രീ. എ. കെ. ബാലൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. കെ. ജയചന്ദ്രൻ:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി കോളനികളിൽ തൊഴിലില്ലായ്മയും പട്ടിണി മരണങ്ങളും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽരഹിതരായി പട്ടിണിയെ നേരിടുന്ന ആദിവാസികൾക്കുവേണ്ടി എന്തെങ്കിലും ആശ്വാസ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) തൊഴിൽരഹിതരായ ആദിവാസികളെ സംബന്ധിച്ച കണക്കുകൾ ജില്ലാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ടു ചെയ്യപ്പെട്ട ആദിവാസികളുടെ മരണം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) പട്ടിണിമൂലം സംരക്ഷിക്കാൻ കഴിയാതെ കുട്ടികളെ അട്ടപ്പാടി ട്രൈബൽ കോളനിയിൽനിന്നും വിലയ്ക്കു വാങ്ങിക്കൊണ്ടുപോയതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വർഷക്കാലങ്ങളിൽ തൊഴിലില്ലായ്മ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടിണി മരണങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തൊഴിൽ ലഭ്യമല്ലാത്ത കാലയളവിൽ സൗജന്യ റേഷൻ നൽകുകയും ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കുകയും ചെയ്തു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) കണക്കാക്കപ്പെട്ടിട്ടില്ല.

(ഇ) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പത്രവാർത്തയിൽ പറയുന്നതു പോലെ കുട്ടികളെ ദാരിദ്ര്യംമൂലം വിറ്റു എന്നത് ശരിയല്ല. വീട്ടുജോലിക്കായി കുട്ടികളെ കൊണ്ടുപോയിട്ടുണ്ട്. 7-6-2003-ൽ ഇവരെ തിരിച്ചു കൊണ്ടുവരികയും പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനം നൽകി ഷോളയൂർ ഗവ. ട്രൈബൽ ഹൈസ്ക്കൂളിൽ ചേർത്ത് പഠിപ്പിക്കുകയും ചെയ്തുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ

51 [5427] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ കോളനികളുടെ വികസനത്തിനായി സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 11,729 പട്ടികജാതി കോളനികളും, 4,951 പട്ടികവർഗ്ഗ കോളനികളും ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും ത്രിതല പഞ്ചായത്തു മുഖേനയും വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സാമ്പത്തികോന്നമന പരിപാടികൾ, ആരോഗ്യം, ഭവന നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. നടപ്പുവർഷം പ്രദേശികതല പദ്ധതികൾ ഊരുകൂട്ടങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതിനുവേണ്ടി പട്ടികവർഗ്ഗ വികസനത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 50% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

പട്ടികജാതി കോളനികളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി, ഗതാഗതം, വൈദ്യുതി, കുടിവെള്ളം, മറ്റ് അനുബന്ധ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. ഇപ്പോൾ ഈ പദ്ധതികൾ ത്രിതല പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിൽ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി ട്രൈബൽ മിഷൻ രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യമെന്ന നിലയിൽ വയനാട്, പാലക്കാട് ജില്ലകളിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി. പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതികളുടെ പ്രയോജനം അവർക്കുതന്നെ ലഭ്യമാക്കുന്നതിനായി "ഊരുകൂട്ടങ്ങൾ" രൂപീകരിച്ചുവരുന്നു. ഇതിനായി നടപ്പുവർഷം 40 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി ധാന്യബാങ്ക് പരിപാടി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനിലൂടെ നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനായി കുടുംബശ്രീയുടെ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly